**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1995** **20-06-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥിയെ പരസ്യ വിചാരണയ്ക്ക് വിധേയമാക്കി കൊലപ്പെടുത്തിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ രണ്ടാംവർഷ വിദ്യാർഥിയെ ആൾക്കൂട്ട വിചാരണയ്ക്ക് വിധേയനാക്കി കൊലപ്പെടുത്തിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്; പൂക്കോട് വെറ്ററിനറി കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥി റാഗിങ്ങിന് ഇരയായതിനെ തുടർന്ന് തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിന് അതീവ ഗൗരവം നൽകി അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സർവകലാശാലയിലെ ഒരു വിദ്യാർത്ഥിയെ ദിവസങ്ങളോളം ക്രൂരമായ പരസ്യ വിചാരണയ്ക്ക് വിധേയമാക്കിയിട്ടും വെറ്ററിനറി സർവകലാശാല അധികൃതർ ഇടപെടാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | റാഗിങ് തടയുന്നതിനായി കോളേജ് എല്ലാവിധ നടപടികളും സ്വീകരിച്ചിരുന്നെങ്കിലും രണ്ടാം വർഷ വിദ്യാർത്ഥിയായ സിദ്ധാർത്ഥൻ.ജെ.എസ് റാഗിങിനു ഇരയായതിനെ തുടർന്ന് തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിന് മുൻപ് 16/02/2024വൈകുന്നേരം മുതൽ 18/02/2024 ഉച്ചവരെയുള്ള കാലയളവിൽ അസ്വാഭാവികമായോ സംശയാസ്പദമായോ എന്തെങ്കിലും നടക്കുന്നതായി കോളേജ് അധികൃതരുടെ ശ്രദ്ധയിൽ വന്നിരുന്നില്ല . 16/ 02/ 2024 നും 18/ 02/ 2024 നും ഇടയിൽ ഹോസ്റ്റലിൽ നടന്ന അനിഷ്ട സംഭവങ്ങളെക്കുറിച്ച് ഹോസ്റ്റലിലെ അന്തേവാസികൾ, മെസ് തൊഴിലാളികൾ , സ്റ്റവാർഡിന്റെ ചുമതലയുള്ള തൊഴിലാളി , ഹോസ്റ്റൽ സെക്രട്ടറി, ഹോസ്റ്റൽ കമ്മിറ്റി അംഗങ്ങൾ, മറ്റ് ജീവനക്കാർ എന്നിവരാരും തന്നെ കോളേജ് അധികൃതരെ അറിയിച്ചിട്ടുണ്ടായിരുന്നില്ല. 18.02.2024-ൽ വിദ്യാർത്ഥി മരണപ്പെടുന്നതിന് മുൻപ് ഗൗരവതരമായ എന്തെങ്കിലും പെരുമാറ്റദൂഷ്യം അന്തേവാസികളായ വിദ്യാർത്ഥികളെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെടാതിരുന്നതിനാൽ ഹോസ്റ്റലിൽ സ്ഥിരം സുരക്ഷാ ജീവനക്കാരെ വിന്യസിക്കുകയോ, സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. ആന്റി റാഗിങ് സ്ക്വാഡിന്റെ അന്വേഷണ റിപ്പോർട്ടുകൾ പ്രകാരം, 16.02.2024 വൈകുന്നേരം മുതൽ പുലർച്ചെ 1.00 മണി വരെയാണ് |

| | | | |
|---|---|---|---|
| | | | റാഗിങ് നടന്നിട്ടുള്ളത്. 2024 ഫെബ്രുവരി 16, 17 തീയ്യതികളിൽ 'സ്പോർട്സ് ഡേ' നടത്തുവാൻ നിശ്ചയിച്ചിരുന്നതിനാൽ ഈ ദിവസങ്ങളിൽ ക്ലാസുകൾ താൽക്കാലികമായി നിർത്തിവെച്ചിരുന്നു. കൂടാതെ, ചില രാഷ്ട്രീയ സംഘടനകൾ 17.02.2024 -ന് വയനാട് ജില്ലയിൽ ഹർത്താൽ പ്രഖ്യാപിച്ചിരുന്നതിനാൽ കോളേജിലെ ജീവനക്കാരുടെ സാന്നിധ്യം വളരെ കുറവായിരുന്നു. തൊട്ടടുത്ത ദിവസമായ 18.02.2024, ഞായറാഴ്ചയായിരുന്നു. 18.02.2024 ന് ഉച്ചയ്ക്ക് ശേഷമുള്ള സമയത്താണ് സിദ്ധാർത്ഥൻ.ജെ.എസ്-നെ തൂങ്ങി മരിച്ച നിലയിൽ കണ്ടത് . മേൽ കാരണങ്ങളാൽ ഈ ദിവസങ്ങളിൽ കോളേജിലെ അധ്യാപകർക്കും ജീവനക്കാർക്കും വിദ്യാർത്ഥികളുമായി സമ്പർക്കം പുലർത്താനുള്ള അവസരം കുറവായിരുന്നു. ഈ ദിവസങ്ങളിൽ നടന്ന സംഭവങ്ങൾ കോളേജ് അധികൃതരിൽ നിന്ന് ബോധപൂർവ്വം മറച്ചു വെയ്ക്കാൻ വിദ്യാർത്ഥികൾ ശ്രമിച്ചതായി മനസ്സിലാക്കുന്നു. ആയതിനാൽ, റാഗിങ് സംഭവങ്ങൾ മറച്ചുവെച്ചതിന് ഹോസ്റ്റലിലെ എല്ലാ അന്തേവാസികളെയും യു.ജി.സി റെഗുലേഷൻസ് 2009 പ്രകാരം അക്കാദമിക പ്രവർത്തനങ്ങളിൽ നിന്നും ഒരാഴ്ചത്തേയ്ക്ക് സസ്പെൻഡ് ചെയ്തിരുന്നു. |
| (സി) | പ്രസ്തുത സംഭവം കൈകാര്യം ചെയ്യുന്നതിൽ പൂക്കോട് വെറ്ററിനറി സർവകലാശാല അധികൃതർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ വിദ്യാർത്ഥി മരണപ്പെട്ട സംഭവത്തിൽ സർവകലാശാല അധികൃതർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി സർവകലാശാല ചാൻസിലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണർ, ഇൻക്വയറി കമ്മീഷനായി ബഹു. ജസ്റ്റിസ് എ. ഹരിപ്രസാദ് നെ നിയമിച്ചിട്ടുണ്ട്. ചാൻസിലറുടെ വിജ്ഞാപന പ്രകാരം കമ്മീഷൻ ആദ്യ സിറ്റിങ് മുതൽ മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് നിർദേശം ഉള്ളത്. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി വിസിറ്റിങ് ഫാക്കൽറ്റി കോംപ്ലക്സ് ഗസ്റ്റ് ഹൗസിൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് . നേരിട്ടും ഓൺലൈനായും കമ്മീഷൻ സിറ്റിങ് നടത്തി വരുന്നുണ്ട്.<br><br>കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് , കോളേജു തലത്തിൽ ആന്റി റാഗിങ് സ്ക്വാഡ് അന്വേഷണം നടത്തി . 01/ 03/ 2024 തീയതിയിൽ ഇടക്കാല റിപ്പോർട്ടും 22 / 03/ 2024 തീയതിയിൽ അന്തിമ റിപ്പോർട്ടും ആന്റി റാഗിങ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയും ആയത് യഥാക്രമം 01/ 03/ 2024 , 22/ 05/ 2024 തീയതികളിൽ നടന്ന യോഗങ്ങളിൽ |

| | | | |
|---|---|---|---|
| | | | ആന്റി റാഗിങ്ങ് കമ്മിറ്റി അംഗീകരിക്കുകയും തുടർ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട് . ഇത്തരം സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാനുള്ള മുൻ കരുതലുകളും സ്വീകരിച്ചിട്ടുണ്ട് . |
| (ഡി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | പൂക്കോട് വെറ്ററിനറി കോളേജിൽ റാഗിങ് ആവർത്തിക്കാതിരിക്കുവാൻ ചുവടെ പരാമർശിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1.കോളേജിനു കീഴിലുള്ള എല്ലാ ഹോസ്റ്റലുകളിലും സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.<br><br>2.ക്യാമ്പസിലും, മറ്റ് സുപ്രധാന ഏരിയകളിലും, ഹോസ്റ്റലുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>3.എല്ലാ ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>4.എല്ലാ ഹോസ്റ്റലുകളിലും നിലവിലുണ്ടായിരുന്ന അസിസ്റ്റന്റ് വാർഡന്മാരെ മാറ്റി നിയമിക്കുകയും അവർക്ക് വേണ്ടതായ സപ്പോർട്ടിംങ് സ്റ്റാഫുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട് .<br><br>5.കോളേജിന്റെ ആന്റി റാഗിങ് സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ ഊർജിതമാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ